പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1249 04.12.2014-ലെ മറുപടിക്ക്

## നടുവണ്ണൂർ വോളീബോൾ അക്കാഡമിക്ക് മിച്ചഭൂമി അനുവദിക്കൽ

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂരിൽ പ്രവർത്തിക്കുന്ന വോളീബോൾ അക്കാഡമിക്ക്, സമീപത്തെ കൃഷി യോഗ്യമല്ലാത്ത മിച്ചഭൂമി അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ? | കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ നടുവണ്ണൂർ വില്ലേജിൽ റീ സർവ്വേ നം. 33 ൽപ്പെട്ട 1.96 1/2 ഏക്കർ മിച്ചഭൂമി വോളിബോൾ അക്കാദമി സ്ഥാപിക്കുന്നതിന് നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് കൈമാറണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന് സൗജന്യമായി ഭൂമി നൽകുവാൻ കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥയില്ല. പ്രസ്തുത ഭൂമിയുടെ കമ്പോളവില അടയ്ക്കുവാനോ, പകരം ഭൂമി നൽകുവാനോ പഞ്ചായത്ത് അധികൃതർ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയ്ക്ക് നീക്കിവയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ